ഭരണഭാഷ – മാതൃഭാഷ

പ്രിൻസിപ്പൽ ഡയറക്ടറേറ്റ്,
തദ്ദേശസ്വയംഭരണ വകുപ്പ്
സ്വരാജ് ഭവൻ, നന്തൻകോട്,
കവടിയാർ പി.ഒ തിരുവനന്തപുരം – 695003
ഫോൺ : 0471-2727255, 2314526
ഇ-മെയിൽ : pd.lsgd@kerala.gov.in
വെബ്സൈറ്റ്: principaldirectorate.lsgkerala.gov.in

No. **LSGD/PD/355/2025-DED1** തീയതി: **19-05-2025**

## സർക്കുലർ

വിഷയം: ത.സ്വ.ഭ.വ. - പ്രിൻസിപ്പൽ ഡയറക്ടറേറ്റ് - പൊതു സ്ഥലംമാറ്റം 2025 - പ്രിൻസിപ്പൽ ഡയറക്ടർ നിയമനാധികാരിയായിട്ടുള്ളതും സംസ്ഥാനതലത്തിൽ സ്ഥലംമാറ്റം നടത്തുന്നതുമായ വിവിധ തസ്തികകളിലെ കരട് ക്യൂ ലിസ്റ്റ്, കരട് സ്ഥലം മാറ്റ പട്ടിക എന്നിവ ഓൺലൈനായി പ്രസിദ്ധീകരിക്കുന്നത് - സംബന്ധിച്ച്

സൂചന :

1. സർക്കാർ ഉത്തരവ് സ.ഉ(കൈ) നം 46/2024/തസ്വഭവ തീയതി 16/03/2024
2. സർക്കാർ ഉത്തരവ് സ.ഉ(കൈ) നം 48/2025/തസ്വഭവ തീയതി 11/03/2025
3. ഈ കാര്യാലയത്തിലെ സർക്കുലർ നമ്പർ LSGD/PD/335/2025-DED1 തീയതി 13.03.2025
4. ഈ കാര്യാലയത്തിലെ സർക്കുലർ നമ്പർ LSGD/PD/335/2025-DED1 തീയതി 25.03.2025
5. സർക്കാർ ഉത്തരവ് സ.ഉ(സാധാ) നം 1081/2025/തസ്വഭവ തീയതി 29/04/2025

തദ്ദേശ സ്വയംഭരണ വകുപ്പിൽ 2025 വർഷത്തെ പൊതു സ്ഥലംമാറ്റത്തിന്റെ ഭാഗമായി ഓൺലൈനായി ലഭിച്ച സ്ഥലംമാറ്റ അപേക്ഷകൾ പരിശോധിച്ച് സാധുവായ അപേക്ഷകൾ അംഗീകരിച്ചിട്ടുള്ളതാണ്. ഇത്തരത്തിൽ അംഗീകരിച്ച അപേക്ഷകളുടെ അടിസ്ഥാനത്തിൽ സംസ്ഥാന തലത്തിൽ പ്രിൻസിപ്പൽ ഡയറക്ടർ സ്ഥലംമാറ്റം നടത്തുന്ന വിവിധ തസ്തികകളിലെ പൊതു സ്ഥലംമാറ്റത്തിനായുള്ള കരട് ജനറൽ ക്യൂ ലിസ്റ്റ്, അനുകമ്പാർഹ - പ്രത്യേക മുൻഗണന അർഹിക്കുന്ന വിഭാഗത്തിൽ ഉൾപ്പെടുന്നവരുടെ കരട് ക്യൂ ലിസ്റ്റ്, കരട് ക്യൂ ലിസ്റ്റുകളുടെ അടിസ്ഥാനത്തിൽ തയാറാക്കിയ 2025 ലെ കരട് പൊതു സ്ഥലംമാറ്റ പട്ടിക എന്നിവ വകുപ്പിലെ എല്ലാ ജീവനക്കാരുടെയും അറിവിലേയ്ക്കായി **https://lsgdgeneraltransfer.lsgkerala.gov.in/**എന്ന

വെബ്സൈറ്റിൽ ഓൺലൈനായി പ്രസിദ്ധീകരിക്കുന്നു. കൂടാതെ വിവിധ തസ്തികകളിലെ സാധുവായ സ്ഥലമാറ്റ അപേക്ഷകൾ സമർപ്പിച്ചവരുടെ കരട് പട്ടിക, നിലവിലെ സ്റ്റേഷനിൽ നിലവിലെ തസ്തികയിൽ മൂന്ന് വർഷം പൂർത്തിയാക്കിയ ജീവനക്കാരുടെ കരട് പട്ടിക, ഇൻസ്റ്റേഷൻ സീനിയോറിറ്റിയുടെ അടിസ്ഥാനത്തിലുള്ള ജീവനക്കാരുടെ കരട് സീനിയോറിറ്റി പട്ടിക എന്നിവയും ഇതോടൊപ്പം പ്രസിദ്ധീകരിക്കുന്നു

മേൽ പരാമർശിച്ച കരട് പട്ടികകൾ https://lsgdgeneraltransfer.lsgkerala.gov.in എന്ന വെബ്സൈറ്റിൽ ജീവനക്കാരുടെ ലോഗിനിൽ ലഭ്യമായിരിക്കുന്നതാണ്. എല്ലാ ജീവനക്കാർക്കും തങ്ങൾക്ക് അനുവദിച്ച നൽകിയിട്ടുള്ള യൂസർ നെയിം, പാസ് വേർഡ് എന്നിവ ഉപയോഗിച്ച് ടി വെബ്സൈറ്റിൽ അതത് ജീവനക്കാരുടെ ലോഗിനിൽ കരട് പട്ടികകൾ പരിശോധിക്കാവുന്നതാണ്. മേൽ പ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ള കരട് പട്ടികകളിന്മേൽ ആക്ഷേപം ഉള്ള ജീവനക്കാർക്ക് ടി വെബ്സൈറ്റ് മുഖാന്തിരം 25.05.2025 വരെ ഓൺലൈനായി അപ്പീൽ സമർപ്പിക്കാവുന്നതാണ്. മേൽ പറഞ്ഞ സമയ പരിധിയ്ക്ക് ശേഷം സമർപ്പിക്കുന്ന അപ്പീലുകളും, ടി വെബ്സൈറ്റ് മുഖാന്തിരം ഓൺലൈനായല്ലാതെ സമർപ്പിക്കുന്ന അപ്പീലുകളും യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല. നിലവിൽ സമർപ്പിച്ചിട്ടുള്ള അപേക്ഷയുടെയും, അപേക്ഷയ്ക്കൊപ്പം നിലവിൽ അപ്.ലോഡ് ചെയ്തിട്ടുള്ള രേഖകളുടെയും അടിസ്ഥാനത്തിലുള്ള ആക്ഷേപങ്ങൾ മാത്രമേ അപ്പീലിന്റെ ഭാഗമായി പരിഗണിക്കുകയുള്ളൂ.

എല്ലാ ജില്ലാ ജോയിന്റ് ഡയറക്ടർമാരും ഈ സർക്കുലർ അതത് ജില്ലകളിലെ ജീവനക്കാരുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ജില്ലാതലത്തിൽ പൊതു സ്ഥലം മാറ്റം നടത്തുന്ന തസ്തികകളിലെ കരട് ക്യൂ ലിസ്റ്റ്, കരട് സ്ഥലം മാറ്റ പട്ടിക എന്നിവ അപ്പീൽ നൽകുന്നതിനു 7 ദിവസത്തെ സമയ പരിധി നൽകി അതത് ജില്ലാ ജോയിന്റ് ഡയറക്ടർമാർ ടി വെബ്സൈറ്റിൽ ഓൺലൈനായി ഉടൻ പ്രസിദ്ധീകരിക്കേണ്ടതും ആയത് സംബന്ധിച്ച റിപ്പോർട്ട് ഈ ഓഫീസിൽ ലഭ്യമാക്കേണ്ടതുമാണ്.

വിശ്വസ്തതയോടെ,

Dr. Chithra S IAS
PRINCIPAL DIRECTOR

പകർപ്പ്
1. വകുപ്പിലെ എല്ലാ ജീവനക്കാർക്കും (ഓഫീസ് മേധാവി മുഖേന)
2. ഡയറക്ടർ (റൂറൽ) ന്റെ സി.എ യ്ക്ക്
3. ഡയറക്ടർ (അർബൻ) ന്റെ സി.എ യ്ക്ക്
4. ചീഫ് എഞ്ചിനീയർ
5. ചീഫ് ടൌൺ പ്ലാനർ
6. അഡീഷണൽ ഡയറക്ടർ(ഇ&എ)
7. ജോയിന്റ് ഡയറക്ടർ (ഐ.ഇ. സെക്ഷൻ)
8. എല്ലാ ജില്ലാ ജോയിന്റ് ഡയറക്ടർമാർക്കും
   വകുപ്പിലെ എല്ലാ ഓഫീസ് മേലധികാരികൾക്കും (ജില്ലാ ജോയിന്റ് ഡയറക്ടർമാർ

Signed by
Dinesan Cheruvat
Date: 19-05-2025 16:20:33

9. മുഖേന)
10. എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം
11. സിസ്റ്റം അഡ്മിനിസ്ട്രേറ്റർ

കരുതൽ ഫയൽ/ഓഫീസ് കോപ്പി